REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ നൈജീരിയ- ബ്രസീൽ- ഗയാന സന്ദർശനം ഇന്നാരംഭിക്കും.
- ഉത്തർപ്രദേശിൽ മെഡിക്കൽ കോളേജിലെ നവജാത ശിശുക്കളുടെ തീവ്ര പരിചരണ വിഭാഗത്തിൽ തീപിടുത്തം.
- 10 നവജാത ശിശുക്കൾ മരിച്ചു.
- പാലക്കാട്ടും മഹാരാഷ്ട്രയിലും ജാർഖണ്ഡിലും തെരഞ്ഞെടുപ്പിന് പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിക്കും.
- സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീകരിക്കും.
- ശബരിമല വെർച്വൽ ക്യൂ ബുക്കിങ് വർദ്ധിപ്പിക്കുന്നത് കണക്ക് പരിശോധിച്ച് തീരുമാനിക്കുമെന്ന് മന്ത്രി VN വാസവൻ.
- സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ ആദ്യ യോഗ്യതാ മത്സരത്തിൽ ബുധനാഴ്ച്ച കേരളം റെയിൽവെയ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ നൈജീരിയ- ബ്രസീൽ- ഗയാന സന്ദർശനം ഇന്നാരംഭിക്കും. നൈജീരിയൻ പ്രസിഡണ്ട് ബോലാ അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം രണ്ടു ദിവസം നൈജീരിയയിൽ സന്ദർശനം നടത്തുന്നത്.

ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപരമായ പങ്കാളിത്തം ഇവരുടെ കൂടിക്കാഴ്ചയിൽ അവലോകനം ചെയ്യും. നൈജീരിയയിലെ ഇന്ത്യൻ സമൂഹത്തെ നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

തിങ്കളാഴ്ച ബ്രസീലിലെ റിയോ ഡി ജനീറയിലേക്ക് പോകുന്ന നരേന്ദ്രമോദി G-20 ഉച്ചകോടിയിൽ പങ്കെടുക്കും. പ്രസിഡണ്ട് ലൂയിസ് ഇനാഷ്യോ ലുലാ ഡാ സിൽവ യുമായും മറ്റു പ്രമുഖരുമായും കൂടിക്കാഴ്ച നടത്തും.

സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ ചൊവ്വാഴ്ച മുതൽ വ്യാഴാഴ്ച വരെ അദ്ദേഹം ഗയാനയിൽ ചെലവഴിക്കും. ഗയാന പ്രസിഡണ്ട് ഡോ. മുഹമ്മദ് ഇർഫാൻ അലി യെയും മറ്റു നേതാക്കളെയും കാണുന്ന നരേന്ദ്രമോദി ഗയാന പാർലമെന്റിനെയും അഭിസംബോധന ചെയ്യും. തുടർന്ന് ഗയാനയിലെ ജോർജ് ടൗണിൽ രണ്ടാമത് കാരിക്കോം ഇന്ത്യ ഉച്ചകോടിയിലും നരേന്ദ്രമോദി സംബന്ധിക്കും.

✪✪✪

ഉത്തർപ്രദേശിലെ ഝാൻസി മഹാറാണി ലക്ഷ്മിഭായ് മെഡിക്കൽ കോളേജിൽ ഉണ്ടായ തീപിടുത്തത്തിൽ 10 നവജാത ശിശുക്കൾ മരിച്ചു. NICU വാർഡിൽ 54 നവജാതശിശുക്കളെ പ്രവേശിപ്പിച്ചിരുന്നുവെന്നും നിരവധി കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തിയതായും ആശുപത്രി അധികൃതർ അറിയിച്ചു.

പെട്ടെന്ന് ഓക്സിജൻ കോൺസെൻട്രേറ്ററിനുള്ളിൽ തീ പടരുകയായിരുന്നു, തീ അണയ്ക്കാൻ ശ്രമങ്ങൾ നടത്തിയെങ്കിലും മുറിയിൽ ഓക്സിജൻ കൂടുതലായതിനാൽ തീ പെട്ടെന്ന് പടർന്നു. പരിക്കേറ്റ കുഞ്ഞുങ്ങൾ ചികിത്സയിലാണെന്ന് ഝാൻസി മെഡിക്കൽ കോളേജിലെ ചീഫ് മെഡിക്കൽ സൂപ്രണ്ട് സച്ചിൻ മഹോർ പറഞ്ഞു.

ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് ജില്ലാകളക്ടർ അവിനാഷ് കുമാർ അറിയിച്ചു.

✪✪✪

തീവ്രപരിചരണ വിഭാഗത്തിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന്, പത്ത് നവജാത ശിശുക്കൾ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചിച്ചു.

നവജാത ശിശുക്കൾ മരിച്ച വാർത്ത അങ്ങേയറ്റം ഹൃദയഭേദകമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഈ ആഘാതം താങ്ങാൻ മാതാപിതാക്കൾക്കും കുടുംബങ്ങൾക്കും ദൈവം കരുത്ത് നൽകട്ടെ എന്ന് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ രാഷ്ട്രപതി പറഞ്ഞു.

തീപിടിത്തത്തിൽ മരിച്ച നവജാത ശിശുക്കളുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ അനുവദിച്ചു. പരിക്കേറ്റവർക്ക് അൻപതിനായിരം രൂപ നൽകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യ മാധ്യമത്തിൽ അറിയിച്ചു.

രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗും അനുശോചനം അറിയിച്ചു.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിക്കും. കൊട്ടിക്കലാശത്തിന് മണിക്കൂറുകൾ ബാക്കി നിൽക്കെ പ്രചാരണം ഉച്ചസ്ഥായിയിലാണ്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്. രാഷ്ട്രീയ വോട്ട് വിവാദങ്ങൾ ഉയർന്നു നിൽക്കുമ്പോഴും സ്ഥാനാർത്ഥികൾ ഓരോ വോട്ടും ഉറപ്പിക്കുന്നതിന് ഓട്ടത്തിന്റെ അവസാന ലാപ്പിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.

**.....വോയ്സ്.....**

മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർഥി ഡോ.പി സരിന്റെ ഇന്നും നാളെയും നടക്കുന്ന തെരഞ്ഞെടുപ്പ് യോഗങ്ങളിൽ മുഖ്യമന്ത്രിയും സി.പി.എം പോളിറ്റ് ബ്യൂറോ അംഗവുമായ പിണറായി വിജയൻ പങ്കെടുക്കുന്നുണ്ട്. സ്തനാർത്ഥി രാവിലെ പുത്തൂരിൽ നിന്ന് പ്രചാരണം ആരംഭിച്ചു.യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണ പരിപാടികൾക്കായി മുതിർന്ന കോൺഗ്രസ് നേതാക്കളായ ദീപാ ദാസ് മുൻഷി, കെ സുധാകരൻ, വി ഡി സതീശൻ എന്നിവർ മണ്ഡലത്തിൽ എത്തിയിട്ടുണ്ട്. സ്ഥാനാർഥി രാവിലെ പുതുപ്പള്ളി തെരുവിൽ നിന്നും പ്രചാരണം തുടങ്ങി.എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാർ ഇന്ന് പാലക്കാട് പിരായിരി മണ്ഡലങ്ങളിലാണ് വോട്ടർമാരെ കാണുന്നത്. രാവിലെ രമാദേവി നഗറിൽ നിന്ന് പ്രചാരണം ആരംഭിച്ചു.സ്ഥാനാർത്ഥിക്ക് വേണ്ടി വോട്ടഭ്യർഥിച്ച് ബി.ജെ.പി മഹിളാ നേതൃത്വം

ഇന്ന് വൈകീട്ട് മണ്ഡലത്തിൽ മഹിളാ ശാക്തീകരണ യാത്ര സംഘടിപ്പിച്ചിട്ടുണ്ട്..ശോഭാ സുരേന്ദ്രൻ നവ്യ ഹരിദാസ് തുടങ്ങിയ നേതാക്കൾ പങ്കെടുക്കും.

✪✪✪

BJP നേതൃത്വവുമായി ഇടഞ്ഞ പാർട്ടി നേതാവ് സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നു. സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നതായി KPCC അധ്യക്ഷൻ K.സുധാകരൻ പാലക്കാട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

സന്ദീപ് വാര്യരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. കോൺഗ്രസുമായി കഴിഞ്ഞ രണ്ടാഴ്ചയായി നടന്ന ചർച്ചകൾക്ക് ശേഷമാണ് പാലക്കാട് തെരഞ്ഞെടുപ്പ് അന്തിമ ഘട്ടത്തിലേക്ക് നീങ്ങവേ സന്ദീപിന്റെ നിർണായക നീക്കം.

✪✪✪

അപ്രസക്തനായ വ്യക്തി അപ്രസക്തമായ പാർട്ടിയിൽ ചേർന്നതായി സന്ദീപ് വാര്യരുടെ കോൺഗ്രസ് പ്രവേശനത്തോട് പ്രതികരിച്ച BJP സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേക്കർ പറഞ്ഞു. സന്ദീപ് വാര്യർ കോൺഗ്രസിൽ ചേർന്നത് പാർട്ടിയെ ഒരുതരത്തിലും ബാധിക്കില്ലെന്ന് BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ പറഞ്ഞു. ഉപതെരഞ്ഞെടുപ്പോടെ കോൺഗ്രസ് തകർന്നടിയുമെന്നും അദ്ദേഹം പാലക്കാട്ട് പറഞ്ഞു.

✪✪✪

ചേലക്കരയിൽ മുനമ്പം വിഷയം വർഗീയമായി കത്തിക്കാൻ BJP ശ്രമിച്ചെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ഇതിനെക്കുറിച്ച് നൽകിയ പരാതിയിൽ ഗവൺമെന്റ് ഒരു നടപടിയും എടുത്തില്ലെന്നും പ്രതിപക്ഷ നേതാവ് പാലക്കാട്ട് കുറ്റപ്പെടുത്തി.

✪✪✪

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന്റെയും ജാർഖണ്ഡ് നിയമസഭയിലേക്ക് രണ്ടാം ഘട്ട വോട്ടെടുപ്പിന്റെയും പരസ്യ പ്രചാരണവും മറ്റന്നാൾ വൈകീട്ട് അവസാനിക്കും. മഹാരാഷ്ട്രയിൽ 288 ഉം ജാർഖണ്ഡിൽ 38 ഉം മണ്ഡലങ്ങളിൽ ബുധനാഴ്ച്ചയാണ് വിധിയെഴുത്ത് .

മഹാരാഷ്ട്രയിൽ ഇന്ന് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി മേരാ ബൂത്ത് സബ്സെ മസ്ബൂത്ത് പരിപാടിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി പാർട്ടി പ്രവർത്തകരുമായി സംവദിക്കും.

കേന്ദ്രമന്ത്രിയും മുതിർന്ന BJP നേതാവുമായ നിതിൻ ഗഡ്കരി സോലാപൂർ, പൂനെ, സാംഗ്ലി എന്നിവിടങ്ങളിൽ പ്രചാരണം നടത്തും.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് രണ്ട് റാലികളിലും പ്രിയങ്ക ഗാന്ധി മൂന്ന് റാലികളിലും പങ്കെടുക്കും.

NCP അധ്യക്ഷൻ അജിത് പവാർ സോലാപൂർ, പൂനെ, നാസിക്ക് എന്നിവിടങ്ങളിൽ പ്രചാരണം നടത്തും.

NCP(SP) തലവൻ ശരദ് പവാർ സത്താറയിലും റായ്ഗഡിലും പ്രചാരണത്തിനിറങ്ങും. ശിവസേന (യുബിടി) തലവൻ ഉദ്ധവ് താക്കറെ മുംബൈയിലും താനെയിലും പ്രചാരണം നടത്തും.

✪✪✪

ദുരന്തബാധിത സംസ്ഥാനത്തോട് ഒരിക്കലും കാണിക്കാൻ പാടില്ലാത്ത സമീപനമാണ് കേരളത്തോട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചതെന്ന് മന്ത്രി K രാജൻ പറഞ്ഞു. സംസ്ഥാന ദുരന്തനിവാരണ നിയന്ത്രണ നിധിയിലെ പണം എടുത്ത് ചെലവഴിക്കാൻ പ്രധാനമന്ത്രിയുടെ സന്ദർശനം ആവശ്യമില്ല. നിധിയിലെ പണം ഉപയോഗിച്ച് വയനാട്ടിൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് ചെലവഴിക്കാൻ കേന്ദ്രം രേഖാ മൂലം ഉത്തരവ് നൽകാൻ തയ്യാറുണ്ടോ എന്നും മന്ത്രി തൃശൂരിൽ വാർത്താസമ്മേളനത്തിൽ ചോദിച്ചു.

വയനാട്ടിലെ ദുരന്തബാധിതരുടെ മനസ്സിൽ തീ കോരിയിടുന്ന കേന്ദ്ര സമീപനത്തിനെതിരെ ഒരു രാഷ്ട്രീയവും നോക്കാതെ എല്ലാവരും ഒറ്റക്കെട്ടായി പ്രതികരിക്കണം എന്നും മന്ത്രി പറഞ്ഞു.

✪✪✪

ആലപ്പുഴയിലെ 56-ാമത് സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മത്സരയിനങ്ങൾക്ക് തുടക്കമായി.

നഗരത്തിലെ അഞ്ചു സ്കൂളുകളിലായാണ് ശാസ്ത്രോത്സവം നടത്തുന്നത്. 180 ഇനങ്ങളിലായി അയ്യായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട് .

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാനപനങ്ങളുടെ വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീ കരിക്കും. പരാതികളും ആക്ഷേപങ്ങളും അടുത്തമാസം മൂന്ന് വരെ സ്വീകരിക്കും. വാർഡ് പുനർവിഭജനത്തിനായി ജില്ലാ കളക്ടർമാർ സമർപ്പിച്ച കരട് നിർദേശങ്ങൾ ഇന്നലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷൻ ചെയർമാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുമായ A. ഷാജഹാന്റെ അധ്യക്ഷതയിൽ ചേർന്ന്

വിശദമായി പരിശോധിച്ചു. പരാതികളും ആക്ഷേപങ്ങളും നേരിട്ടോ രജിസ്‌ട്രേഡ് തപാലുകളിലോ കളക്ട്രേറ്റുകളിലും ഡീലിമിറ്റേഷൻ ഓഫീസിലും സമർപ്പിക്കാം.

✪✪✪

ഇന്ന് വൃശ്ചികം ഒന്ന്. വൃശ്ചിക പുലരിയിൽ ശബരിമലയിൽ അയ്യപ്പനെ കാണാൻ ഭക്തജന തിരക്ക്. തന്ത്രി കണ്ഠര് രാജീവരുടെകാർമികത്വത്തിൽ പുതുതായി ചുമതലയേറ്റ മേൽ ശാന്തി അരുൺ നമ്പൂതിരി പുലർച്ചെ മുന്നു മണിക്ക് നട തുറന്നു. ഇന്ന് 70,000 പേരാണ് ഓൺ ലൈൻ വഴി ദർശനത്തിനായി ബുക്ക് ചെയ്തിരിക്കുന്നത്.

✪✪✪

ശബരിമല വെർച്വൽ ക്യൂ ബുക്കിങ് വർദ്ധിപ്പി ക്കണമോയെന്ന് കണക്ക് പരിശോധിച്ച് തീരുമാനിക്കുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു. ഇന്നലെ ദർശനം നടത്തിയ 30,657 പേരിൽ വെർച്ചൽ ക്യൂ വഴി 26,942 പേരാണ് ദർശനം നടത്തിയതെന്ന് മന്ത്രി അറിയിച്ചു. രണ്ട് ദിവസത്തെ കണക്കുകൾ പരിശോധിച്ച ശേഷം വെർച്വൽ ക്യൂ ബുക്കിങ്ങുകളുടെ എണ്ണം കൂട്ടണമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കും. വരുന്ന മുഴുവൻ ഭക്തർക്കും ദർശനം ഉറപ്പാക്കും. തീർത്ഥാടന മുന്നൊരുക്കങ്ങളിൽ ഭക്തർക്ക് പൂർണ്ണ തൃപ്തിയാണെന്നും മന്ത്രി പറഞ്ഞു.

ശബരിമല ഗസ്റ്റ് ഹൗസിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. അയ്യപ്പൻമാർക്ക് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വിരിവയ്ക്കാൻ ജർമൻ പന്തലുൾപ്പെടെ ഇക്കൊല്ലം ഒരുക്കിയ പശ്ചാത്തല സംവിധാനങ്ങളുടെ വിപുലത സംതൃപ്തി ഉണ്ടാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

മൂന്നു ദിവസത്തെ രഥപ്രയാണത്തിനും ഇന്നലെ വൈകീട്ട് നടന്ന ദേവരഥ സംഗമത്തിനും ശേഷം പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന് കൊടിയിറങ്ങി. രാവിലെ അഗ്രഹാര ക്ഷേത്രങ്ങളിൽ വിവിധ ചടങ്ങുകളോടെയാണ് ധ്വജാവരോഹണം നടന്നത്. തുടർന്ന് ക്ഷേത്രങ്ങളിൽ ദീപാരാധനയും നടന്നു.

✪✪✪

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ ആദ്യ യോഗ്യതാ മത്സരത്തിൽ ബുധനാഴ്ച്ച കേരളം റെയിൽവെയ്സിനെ നേരിടും. 20 മുതൽ 24 വരെ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് കേരളത്തിന്റെ

മത്സരങ്ങൾ. 22-ന് രണ്ടാം മത്സരത്തിൽ ലക്ഷദ്വീപിനെയാണ് കേരളം നേരിടുന്നത്. 24 ന് പോണ്ടിച്ചേരിയുമായാണ് മത്സരം.

കേരള പോലീസ് താരം G.സഞ്ജുവിന്റെ നേതൃത്വത്തിൽ കേരള ടീമിനെ ഇന്നലെ പ്രഖ്യാപിച്ചിരുന്നു. ഫോഴ്സ കൊച്ചി ഗോൾ കിപ്പർ അജ്മൽ ആണ് വൈസ് ക്യാപ്റ്റൻ.

✪✪✪

ക്വാലാലംപൂരിൽ നടക്കുന്ന എയ്സ് മലേഷ്യ കപ്പ് സ്ക്വാഷിൽ ഇന്ത്യയുടെ അഭയ് സിംഗ് സെമിയിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ വേലവൻ സെന്തിൽകുമാറിനെ 3-1നാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. ഇന്ന് സെമിയിൽ അദ്ദേഹം മലേഷ്യൻ താരത്തെ നേരിടും.

✪✪✪

മഹാത്മാഗാന്ധി ട്രോഫി ഉത്തരമലബാർ ജലോത്സവം നാളെ. വൈകീട്ട് ചെറുവത്തൂർ തുരുത്തി പാലത്തിന് സമീപം നിയമസഭ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

ഈ വർഷത്തെ ലോകായുക്ത ദിനാഘോഷം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭാ ബാങ്ക്വറ്റ് ഹാളിൽ ഉദ്ഘാടനം ചെയ്യും. ലോകയുക്ത ജസ്റ്റിസ് N അനിൽകുമാർ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ മന്ത്രി P രാജീവ് വിശിഷ്ടാതിഥി ആയിരിക്കും. പ്രതിപക്ഷ നേതാവ് VD സതീശൻ മുഖ്യ പ്രഭാഷണം നടത്തും. ദിനാഘോഷത്തോടനുബന്ധിച്ച് രാവിലെ നിയമ വിദ്യാർഥികൾക്കായി മൂട്ട്കോർട്ട് മത്സരം നടത്തി.

✪✪✪